# വിശ്വാസിനി: അവളൊരു ഭക്ത

## നവാൽ ബിൻത് അബ്ദില്ല

വിവർത്തനം: കബീർ എം. പറളി

യഥാർത്ഥ സത്യവിശ്വാസിനി സ്വശരീരത്തേക്കാൾ സന്താനങ്ങളെക്കാൾ സകല ജനങ്ങളെക്കാൾ അല്ലാഹുവിനേയും റസൂലി(സ)നേയുമാണ് സ്നേഹിക്കുക. "സ്വന്തം മക്കളേക്കാൾ, മാതാപിതാക്കളേക്കാൾ മറ്റാളുകളേക്കാൾ ഞാൻ പ്രിയകരനായിത്തീരു വോളം നിങ്ങളിലൊരാളും വിശ്വാസിയാവുകയില്ല." (1) എന്ന പ്രവാചക വചനം പഠിച്ചിരിക്കെ എങ്ങനെയവൾ സ്നേഹിക്കാതിരിക്കും?

ഈമാനിന്റെ മാധുര്യം നുണയാൻ അല്ലാഹുവിലും റസൂലിലുമുള്ള സ്നേഹമാണ് ഹേതുവെന്ന് അവളറിഞ്ഞിട്ടുണ്ട്. പ്രവാചകൻ പറഞ്ഞു: "മൂന്നു കാര്യങ്ങൾ കാണ പ്പെടുന്നത് ആരിലോ അവൻ ഈമാനിന്റെ മധുരം നുണഞ്ഞവനാണ്. ഒന്ന്: അല്ലാഹുവും അവന്റെ റസൂലും (സ) മറ്റാരേക്കാളും അവന്ന് പ്രിയകരരായിത്തീരുക. രണ്ട്: . . . "(2)

സ്വന്തം ശരീരവും സമ്പത്തും കരളിന്റെ തുണ്ടുകളായ മക്കളും ദൈവിക മതത്തിന്റെ ദൈവിക മതത്തിന്റെ അഭ്യുന്നതിക്കു വേണ്ടി, പ്രവാചക ചര്യയുടെ സംരക്ഷണത്തിനു വേണ്ടി ബലി നൽകാൻ യഥാർത്ഥ സത്യവിശ്വാസിനിക്ക് മടിയുണ്ടാവില്ല. ഈ അനർഘ സ്നേഹത്തിന്റെ, ഉദാത്തബലിയുടെ മനോഹര മാതൃക ഗതകാല വിശ്വാസിനികളിൽ നമുക്ക് ദർശിക്കാനാവും.

ഉഹദ് യുദ്ധം കഴിഞ്ഞ് മദീനയിലേക്ക് വരികയാണ് പ്രവാചകനും സ്വഹാബികളും. വാർത്ത കേട്ട് മദീനാ നിവാസികൾ തടിച്ചു കൂടി. പ്രവാചകനെക്കുറിച്ചും യുദ്ധത്തിൽ പങ്കെടുത്ത തങ്ങളുടെ കുടുംബാംഗങ്ങളെക്കുറിച്ചും അറിയാനുള്ള വെമ്പലാണ് ഏവരിലും.

അവർക്കിടയിൽ ഒരു ബനൂ ദീനാർ ഗോത്രക്കാരി തിരക്കി നിൽക്കുന്നു. പിതാവും ഭർത്താവും പുത്രനും പോരാടിയ മഹായുദ്ധം കഴിഞ്ഞ തിരിച്ചു വരവു കാണുവാൻ.

"സഹോദരീ, ക്ഷമിക്കുക. ദൈവമാർഗത്തിലെ പോരാട്ടത്തിൽ നിങ്ങളുടെ കുടുംബാംഗങ്ങളൊക്കെ വീരമൃത്യു വരിച്ചിരിക്കുന്നു." അവർക്കു നേരെത്തിരിഞ്ഞ് ആരോ വിളിച്ചു പറഞ്ഞു.

ഒരു സ്ത്രീക്ക് ആ വാർത്ത ആഘാതമാകേണ്ടതായിരുന്നു. തീവ്ര ദുഃഖത്താൽ തളർന്നു വീഴേണ്ട അവർ, പക്ഷെ, തിരിച്ചു ചോദിച്ചു:

"സഹോദരാ, അല്ലാഹുവിന്റെ ദൂതനെന്തു സംഭവിച്ചിരിക്കുന്നു?"

പ്രവാവക ജീവനെപ്പറ്റിയുള്ള ആശങ്ക അവരെ മറ്റെല്ലാവരേയും വിസ്മരിപ്പിച്ചതു പോലെ.

"അല്ലാഹുവിന്റെ അനുഗ്രഹത്താൽ തിരുമേനി സുഖമായിരിക്കുന്നു." സ്വഹാബികൾ പറഞ്ഞു.

"എങ്കിൽ അദ്ദേഹത്തെ എനിക്കൊന്നു കാണിച്ചു തരൂ."

പ്രവാചകനെയവർ നേർക്കുനേരെ കണ്ടു. "റസൂലെ, അങ്ങേക്ക് ഒരപായവും പറ്റിയിട്ടില്ലല്ലൊ എന്നത് എന്റെ മറ്റെല്ലാ ദുഃഖങ്ങളെയും സാന്ത്വനപ്പെടുത്തുന്നു." തന്റെ കുടുംബാംഗങ്ങൾ മുഴുവൻ നഷ്ടപ്പെട്ട തീവ്ര ദുഃഖത്തിലേക്കു വിരൽ ചൂണ്ടിയാണ് അവരതു പറഞ്ഞത്.(3)

ഉമ്മു സഅദിന്റെ കഥ കേൾക്കൂ. അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹത്തിന്റെ മഹത്വം തുടിക്കുന്ന അനുപമ ചിത്രമാണ് ഈ കഥ.

നബി (സ) യും സ്വഹാബികളും ഉഹദു യുദ്ധംകഴിഞ്ഞ് മദീനയിലേക്ക് വരുന്നു. ആളുകൾ അവരെ കാത്ത് ആകാംക്ഷാഭരിതരായി നിൽക്കുന്നു. അടുത്തെത്തിയ പ്രവാചക സവിധത്തിലേക്ക് നീങ്ങി ഉമ്മുസഅദിൻെറ പുത്രൻ അവരെ പരിചയപ്പെടുത്തി: "റസൂലെ ഇതെൻെറ മാതാവാണ്, ഉമ്മുസഅദ്"

"അവർക്കു സ്വാഗതം" റസൂൽ (സ) പ്രതിവചിച്ചു. മകൻ അംറു ബ്ൻ മുആദ് ശത്രു സൈന്യത്തോടേറ്റുമുട്ടി ശഹീദായെന്ന വിവരം നബി (സ) അവരെ അറിയിക്കുകയും ചെയ്തു. മാതൃ ഹൃദയമറിയാവുന്ന നബി തിരുമേനി ഉമ്മു സഅദിനെ സാന്ത്വനിപ്പിച്ചു. പക്ഷെ അവരുടെ പ്രതികരണം മറിച്ചായിരുന്നു:

"റസൂലെ, അങ്ങയെ സുരക്ഷിതനായി കണ്ടാൽ മറ്റെല്ലാ വിപത്തുകളും എനിക്കു നിസാരമാണ്."

രക്തസാക്ഷികൾക്കു വേണ്ടി നബി (സ) ദീർഘമായി പ്രാർത്ഥിച്ചു. ശേഷം ഉമ്മു സഅദി നോടായി പറഞ്ഞു: "സന്തോഷിക്കുക ഉമ്മു സഅദ്, ശഹീദായവരുടെ കുടും ബക്കാരെ സന്തോഷവാർത്ത അറിയിക്കുക. വീരമൃത്യു വരിച്ച എൻെറ സ്വഹാബികൾ സ്വർഗത്തി ലാറാടുകയാണ്. അവർ തങ്ങളുടെ കുടുംബാംഗങ്ങൾക്കായി നാളെ നാഥനോട് ശുപാർശ ചെയ്യുന്നതാണ്."

"ഞങ്ങൾ സംതൃപ്തരായി റസൂലെ, ഇനി അവരുടെ വേർപാടിൽ ആരു മുറവിളി കൂട്ടാൻ?" ഉമ്മു സഅദ് പ്രതിവചിച്ചു.(4)

ഇനിയും എത്രയെത്ര ജീവസുറ്റ സംഭവങ്ങൾ! ശരീരത്തിൽ സൂക്ഷിച്ച കഠാരയുമായി പ്രവാചകനോടൊപ്പം ഹുനൈൻ യുദ്ധത്തിൽ പങ്കുകൊണ്ട ഉമ്മു സുലൈമി (റ)ൻെറ കഥ വായി ക്കൂ. അന്ന് അബ്ദുല്ലാഹ് ബ്ൻ അബീ ത്വൽഹയെ ഗർഭം ധരിച്ചിരിക്കുകയായിരുന്നു അവർ. ഭർത്താവായ അബൂ ത്വൽഹ പ്രവാചകനോട് പറഞ്ഞു: "റസൂലെ, ഉമ്മുസുലൈമിൻെറ കയ്യിൽ കഠാരയുണ്ട്." അവർ പറഞ്ഞു: "പ്രവാചകരേ, മുശ്രിക്കുകളിലാരെങ്കിലും എന്നോടടുത്താൽ, അവരിലാരെങ്കിലും താങ്കളിൽ നിന്നും വിരണ്ടോടുന്നതു കണ്ടാൽ ഇതു കൊണ്ട് ഞാനവൻെറ വയറു പിളർക്കും." ഇതു കേട്ടപ്പോൾ പ്രവാചകൻ(സ്വ) ചിരിച്ചു കൊണ്ടു പറഞ്ഞു: "ഉമ്മു സുലൈം, അല്ലാഹു സംരക്ഷിക്കുകയും, നന്മയരുളുകയും ചെയ്യട്ടെ."(5)

മാസ്നിയ്യ ഗോത്രക്കാരി നുസൈബ ബിൻത് കഅബി(റ)ൻെറ വീരോജ്ജ്വല ചരിത്രവും താളുകളിൽ വിരചിതമാണ്. യോദ്ധാക്കൾക്ക് വെള്ളം വിതരണം ചെയ്തും, മുറിവു പറ്റിയവർക്ക് ശുശ്രൂഷകൾ ചെയ്തും അവർ ഉഹദ് യുദ്ധത്തിൽ സജീവമായി നിറഞ്ഞു നിൽക്കുകയാണ്. അല്പ സമയം കഴിഞ്ഞില്ല. അതാ, മുശ്രിക്കുകൾ മുസ്ലിം മധ്യത്തിലേക്ക് ഇരച്ചു കയറി അവരെ തലങ്ങും വിലങ്ങും വെട്ടുകയാണ്. പലരും പിന്തിരിഞ്ഞോടുന്നു. യുദ്ധക്കളത്തിൽ അല്പം ചിലർ മാത്രം അവശേഷിച്ചിട്ടുണ്ട്. അവർ പ്രവാചകനെ പ്രതിരോധിച്ചു കൊണ്ട് സധീരം നി ലകൊള്ളുകയാണ്.

ഇവിടെ നുസൈബയുടെ, അതെ, നമ്മുടെ ഉമ്മു അമ്മാറയുടെ ഊഴമാണ്. ഊരിയ ഗഡ്ഗം കയ്യിലേന്തി, അസ്ത്രവും ആവനാഴിയും ധരിച്ച് പ്രവാചകൻെറ മുന്നിലേക്കവർ പാഞ്ഞു. തിരുമേനിയെ ലക്ഷ്യമിട്ടെത്തുന്ന ശത്രുഭടൻമാരെ അവർ ധീരധീരം നേരിട്ടു. അവരെയ്തു വിട്ട ഓരോ അമ്പും മുശ്രിക്കുകളുടെ നെഞ്ചു തകർത്തു കടന്നു പോയി. ഇസ്ലാമിൻെറ ധീര പോരാളി കളായ അലിയും അബൂബക്കറും ഉമറും ത്വൽഹയും സുബൈറും അബ്ബാസും പിന്നെ തൻെറ മകനും, ഭർത്താവും അവർക്കു ചുറ്റിലും പ്രതിരോധ യുദ്ധത്തിലാണ്. അവർക്കിടയിൽ നുസൈബ അഥവാ ഉമ്മുഅമാറ ധീരതയിലും പോരാട്ടത്തിലും മികച്ചു നിന്നു. പ്രവാചകൻെറ നേർക്കെത്തുന്ന ഏതൊരപകടത്തേയും, സകല പഴുതുകളും അടച്ചു കൊണ്ട് ആ മഹതി അതിജയിച്ചു. (6)

നമ്മിലാരുണ്ട് സഹോദരികളെ, ഉമ്മു അമ്മാറയുടെ, ഉമ്മു സുലൈമിൻെറ, ഉമ്മു സഅദി ൻെറ സ്ഥാനത്തു നിൽക്കാൻ? തൻെറ ആദർശത്തിനെതിരെ, തൻെറ 'ഹബീബ്' മുഹമ്മദ് മുസ്തഫ (സ) ക്കെതിരെ ആഞ്ഞു വരുന്ന ശത്രു സൈന്യത്തിന് അഭിമുഖമായി നിൽക്കാൻ? നാവുകൊണ്ടും പേന കൊണ്ടും അടരാടാൻ?

**അല്ലാഹുവിലേക്കുള്ള പ്രബോധന മാർഗത്തിൽ പിതാവിനെ–ഭർത്താവിനെ–പുത്രനെ സഹായിക്കുന്ന ഉത്തമ സ്ത്രീ നമ്മുടെ കൂട്ടത്തിലുണ്ടോ? ആ മാർഗത്തിൽ ഉറച്ചു നിൽക്കാനും ശ്രമവും ധനവും വിനിയോഗിക്കാനും പ്രേരിപ്പിക്കുന്നവർ? അനുഗൃഹീത വിജ്ഞാന സദസുകളിൽ ആവേശത്തോടെ പങ്കെടുക്കുന്നവർ?**

-----------------------------------------------------

1. മുത്തഫഖുൻ അലൈഹി
2. മുത്തഫഖുൻ അലൈഹി
3. അസ്സീറത്തുൽ ഹലബിയ്യ, വാ. 2 പേ. 44
4. അസ്സീറത്തുൽ ഹലബിയ്യ, വാ. 2 പേ. 47
5. ഔദത്തുൽ ഹിജാബ് വാ. 3 പേ. 275, അൽ ബയാൻ വത്തബ്‌യീനിൽ നിന്നും ഉദ്ധരണം, വാല്യം 2, പേ. 143
6. അർറഹീഖുൽ മഖ്തൂം, പേ. 259